LIBRARY ARCHIVES Kerala Legislative Assembly

നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ

157 (497) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനെ തുടർന്ന്, തന്നാണ്ടിൽ കൂടുതൽ ; നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ബി) സർക്കാർ കണ്ടെത്തിയ നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ;

(സി) കണ്ടെത്തിയ നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഏതെല്ലാം നടപ്പിലാക്കുകയുണ്ടായി ; ഓരോ ഇനത്തിലൂടെയും തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര കോടി രൂപ വീതമാണ് ; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) അടുത്ത സാമ്പത്തിക വർഷം (2015-16) നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടി രൂപ വീതമാണ് ;

(ഇ) ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് നടപ്പാക്കിയവ ഏതൊക്കെയായിരുന്നു; പുതുതായി നിയമനിർമ്മാണംനടത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നവ ഏതൊക്കെ ; എക്സിക്യൂട്ടീവ് ഉത്തരവുവഴി നടപ്പിലാക്കിയ വരുമാന വർദ്ധനയുള്ള നടപടികൾ എന്തൊക്കെയായിരുന്നു ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല.

നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി നൂടലാക്കി നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി,

തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസവകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്കീമുകളും പിൻവലിച്ചു. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറ് മാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽനിന്ന് സമാഹരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) എല്ലാത്തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിനു പുറമേ പുതിയ നയത്തിന്റെ ഭാഗമായി നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ അഞ്ച് ശതമാനം അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇതുവഴി 1130 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽനിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധികവരുമാനം ഇതിൽനിന്നും പ്രതീക്ഷിക്കുന്നു. സിഗറ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽനിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന്, വിനിയോഗിക്കുവാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.

പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ഘടലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽനിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആഢംബര

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഡംബര നികുതി എന്നിവ വർദ്ധിപ്പിച്ചതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനംമുതൽ 50 ശതമാനംവരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

(ഡി) സാമ്പത്തിക വർഷം (2015-16) നികുതി/നികുതി ഇതര വരുമാന മാർഗ്ഗങ്ങളിൽ ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനം കണക്കാക്കിയിട്ടില്ല.

(ഇ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, വൈൻ, സിഗറ്റ് എന്നിവയുടെ വിൽപന നികുതി, ഭൂനികുതി, തോട്ടം നികുതി, ആഡംബര വാഹനങ്ങൾക്കുള്ള നികുതി എന്നിവ ഓർഡിനൻസ് വഴിയും ഭൂമിയുടെ ന്യായവില, പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി നൂടലാക്കി നിർത്തിയ ഉത്തരവ്, കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി/ആഡംബര നികുതി എന്നിവ എക്സിക്യൂട്ടീവ് ഉത്തരവു വഴിയും നടപ്പിലാക്കിയിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂസർ ഫീ, സർവ്വീസ് ചാർജ്ജ് എന്നിവയും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മണ്ഡലം ആസ്തിവികസന പദ്ധതി

158 (498)_ ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡലംആസ്തി വികസന പദ്ധതിപ്രകാരം എം.എൽ.എ.മാർ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ ഫയലുകൾ യഥാസമയം തീർപ്പാക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly